ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:05-07-2024**

## പ്രധാനവാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി തിങ്കളാഴ്ച റഷ്യയിലേക്ക്; 22-മത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

2. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നാളെ കേരളത്തിലെത്തും; തിരുവനന്തപുരത്തും കൊല്ലത്തും വിവിധ പരിപാടികളിൽ പങ്കെടുക്കും.

3. സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം; റോഡുകളിൽ ഭൂരിഭാഗവും സഞ്ചാരയോഗ്യമാണെന്ന് മന്ത്രി മുഹമ്മദ് റിയാസ്.

4. നിതി ആയോഗിൻറെ സമ്പൂർണത അഭിയാന് പാലക്കാട് ജില്ലയിലെ കൊല്ലങ്കോടും ഇടുക്കിയിലെ ദേവികുളത്തും തുടക്കം.

5. കോപ്പ അമേരിക്ക ഫുട്ബോളിൽ അർജന്റീന സെമിയിൽ; യൂറോ കപ്പ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

=====================

RNUTVPM

## പ്രധാനമന്ത്രി- റഷ്യ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ റഷ്യൻ സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കമാകും. 22-മത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി, റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിൻറെ ക്ഷണപ്രകാരമാണ് ശ്രീ മോദി മോസ്കോയിലെത്തുന്നത്. പുടിനുമായി അദ്ദേഹം ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. തുടർന്ന് ഈ മാസം 9, 10 തീയതികളിൽ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കും.

=====================

## ഉപരാഷ്ട്രപതി

രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നാളെ തിരുവനന്തപുരത്തെത്തും. വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണമെഡലുകൾ ഉപരാഷ്ട്രപതി സമ്മാനിക്കും. തുടർന്ന്, കൊല്ലത്തെത്തുന്ന ശ്രീ ധൻകർ വൈകിട്ട് അഷ്ടമുടി കായലിൽ ബോട്ട് സവാരി നടത്തും. ഞായറാഴ്ച ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

RNUTVPM

=====================

## നിയമസഭ - വാക്കൗട്ട്

സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥയുമായി ബന്ധപ്പെട്ട്, സഭാ നടപടികൾ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്നും നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി. പ്രതിപക്ഷത്ത് നിന്ന് നജീബ് കാന്തപുരമാണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. റോഡ് പണി സമയബന്ധിതമായി തീർക്കാൻ സർക്കാർ തയ്യാറാകുന്നില്ലെന്ന് പ്രതിപക്ഷനേതാവ്

വി.ഡി.സതീശൻ ആരോപിച്ചു. എന്നാൽ സംസ്ഥാനത്തെ റോഡുകളിൽ ഭൂരിഭാഗവും സഞ്ചാരയോഗ്യമാണെന്നും പ്രവൃത്തികൾ നടക്കുന്ന ചില റോഡുകൾ പൂർത്തിയാക്കാനുണ്ടെന്നും മന്ത്രി മുഹമ്മദ് റിയാസ് മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

=====================

## നിയമസഭ -അബ്ദു റഹ്മാൻ

ശബരി റെയിൽപാത പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ലെന്ന് മന്ത്രി വി. അബ്ദുറഹിമാൻ. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ സ്കൂളുകളിൽ കായിക വിദ്യാഭ്യാസം വ്യാപകമാക്കുക എന്നതാണ് സർക്കാരിന്റെ നയമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

=====================

## പി.പ്രസാദ് (ഇൻട്രോ)

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പക്ഷിപ്പനി വ്യാപനം തടയുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്ന് കൃഷിമന്ത്രി പി പ്രസാദ്. മനുഷ്യരിലേക്ക് രോഗം പടരാനുള്ള സാധ്യത കണക്കിലെടുത്താണ് വളർത്തുപക്ഷികളെയടക്കം കൊല്ലേണ്ടിവരുന്നതെന്നും അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി.

(ഹോൾഡ്)

കാർഷിക കാരണങ്ങൾ നിമിത്തം കേരളത്തിൽ കർഷക ആത്മഹത്യയില്ലെന്നും കർഷകന് കൃഷിയിൽ പരമാവധി സഹായകരമാകുന്ന പദ്ധതികൾ ആണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

=====================

## സമ്പൂർണത അഭിയാൻ

നിതി ആയോഗിൻറെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണത അഭിയാന് പാലക്കാട് ജില്ലയിലെ കൊല്ലങ്കോടും ഇടുക്കിയിലെ ദേവികുളത്തും തുടക്കമായി. കൊല്ലങ്കോട് വാസുദേവ മേനോൻ മെമ്മോറിയൽ പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ആരോഗ്യ പരിശോധനാ ക്യാമ്പ്, പോഷകാഹാര പ്രദർശനം, മണ്ണ് പരിശോധന ക്യാമ്പ് തുടങ്ങിയവ നടന്നു. നാളെ ജില്ലയിലെ ആദിവാസി മേഖലയായ അഗളി ബ്ലോക്കിൽ സമ്പൂർണതാ അഭിയാൻ കാമ്പയിൻ നടക്കും. ഇടുക്കിയിൽ നാളെ അഴുത ബ്ലോക്കിലാണ് പരിപാടി. കേന്ദ്രം നടപ്പാക്കുന്ന അഭിലാഷ ജില്ലാ - അഭിലാഷ ബ്ലോക്ക് പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടാണ് സമ്പൂർണതാ അഭിയാൻ നടപ്പാക്കുന്നത്.

RNU TVPM

=====================

## സമ്പൂർണത അഭിയാൻ-വയനാട്

സമ്പൂർണത അഭിയാൻ പദ്ധതിയുടെ വയനാട് ജില്ലാ തല ലോഞ്ചിങ് കൽപ്പറ്റയിൽ നടന്നു. ചടങ്ങിൽ "ആരോഗ്യം നമുക്കായി" വീഡിയോ ലോഞ്ചിങ് നടന്നു. നാളെ മാനന്തവാടി ബ്ലോക്കിൽ സമ്പൂർണത അഭിയാൻ പരിപാടി നടക്കും.

=====================

## ലക്ഷദ്വീപ്- ഹൈക്കോടതി

ലക്ഷദ്വീപിലെ പണ്ടാര ഭൂമികളിൽ നിന്ന് ഈ മാസം 19 വരെ ആരെയും ഒഴിപ്പിക്കില്ലെന്ന് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ കേരളാ ഹൈക്കോടതിയെ അറിയിച്ചു. ലക്ഷദ്വീപ് JDU അധ്യക്ഷൻ സാദിഖ് നൽകിയ പൊതു താൽപര്യ ഹർജിയിലാണ് നിലപാടറിയിച്ചത്.

ഹർജിയിൽ ഈ മാസം 19 ന് തുടർവാദം കേൾക്കും. അതെ സമയം പണ്ടാര ഭൂമികളിൽ നിലവിൽ നടത്തുന്ന സർവ്വേ നടപടികൾ നിർത്തിവയ്ക്കാൻ കോടതിയുടെ നിലവിലെ സ്റ്റേ ഓർഡറിൽ പറയുന്നില്ലെന്ന് ദ്വീപ് ഭരണകൂടം പറഞ്ഞു. ഔദ്യോഗിക കണക്കെടുപ്പുകൾ നിർത്തിവയ്ക്കാൻ കോടതി ഉത്തരവുണ്ടെന്ന രീതിയിൽ ചില മാധ്യമങ്ങൾ നടത്തുന്ന

പ്രചാരണങ്ങൾ തെറ്റാണെന്നും ഭരണകൂടം വ്യക്തമാക്കി.

=====================

## വൈക്കം മുഹമ്മദ് ബഷീർ

മലയാളത്തിൻ്റെ പ്രിയ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിൻ്റെ സ്മരണകൾക്ക് ഇന്ന് മുപ്പതാണ്ട്. ബഷീറിൻ്റെ പ്രധാന കൃതിയായ ബാല്യകാല സഖിയുടെ എൺപതാം വാർഷികവും ആഘോഷിക്കുകയാണ്. കോഴിക്കോട് വൈലാലിൽ വീട്ടിൽ നടന്ന ബഷീർ അനുസ്മരണ പരിപാടി അബ്ദുസമദ് സമദാനി എം പി ഉദ്ഘാടനം ചെയ്തു. മന്ത്രി പി എ മുഹമ്മദ് റിയാസ് വീഡിയോസന്ദേശം നൽകി. സഞ്ചാരി സന്തോഷ് ജോർജ് കുളങ്ങര ബഷീർ അനുസ്മരണ പ്രഭാഷണം നിർവഹിച്ചു.

RNU TVPM

=====================

## പൈതൃക സംരക്ഷണ പദ്ധതികൾ

കൊടുങ്ങല്ലൂരിലെ വിവിധ പൈതൃക സംരക്ഷണ പദ്ധതികളുടെ ഉദ്ഘാടനം നാളെ ടൂറിസം മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിർവ്വഹിക്കും. സംസ്ഥാന വിനോദ സഞ്ചാര വകുപ്പിൻ്റെ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി പുതുക്കിപ്പണിത ചേരമാൻ ജുമാമസ്ജിദ് കെട്ടിടത്തിന്റേയും കൊടുങ്ങല്ലൂർ ക്ഷേത്ര മ്യൂസിയം കെട്ടിടത്തിന്റേയുമടക്കമുള്ള പദ്ധതികൾക്കാണ് തുടക്കമാകുന്നത്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ ചത്വരത്തിൽ

നടക്കുന്ന ചടങ്ങിൽ കൊടുങ്ങല്ലൂർ എം.എൽ.എ വി.ആർ സുനിൽകുമാർ അധ്യക്ഷത വഹിക്കും. ചാലക്കുടി എം.പി ബെന്നി ബഹനാൻ മുഖ്യാതിഥിയാകും.

======================

## വനിതാ ട്വന്റി-20

ഇന്ത്യ ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. രാത്രി 7 മണിക്ക് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് ആദ്യ മത്സരം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്. നേരത്തെ ദക്ഷിണാഫ്രിക്കയ്ക്കെതിരെ മൂന്ന് മത്സരങ്ങളടങ്ങിയ ഏകദിന പരമ്പര ഇന്ത്യ സ്വന്തമാക്കിയിരുന്നു. ജൂൺ 28 ന് തുടങ്ങിയ ടെസ്റ്റ് മത്സരത്തിലും ഇന്ത്യക്കായിരുന്നു ജയം.

======================

RNU TVPM

## യൂറോ കപ്പ്

യൂറോ കപ്പ്, ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഇന്ന് രാത്രി 9.30 ന് സ്പെയിൻ ജർമ്മനിയുമായി ഏറ്റുമുട്ടും. രണ്ടാം മത്സരത്തിൽ പോർച്ചുഗൽ ഫ്രാൻസിനെയും നാളെ രാത്രി ഇംഗ്ലണ്ട് സ്വിറ്റ്സർലാൻറിനെയും നേരിടും.

======================

## കോപ്പ അമേരിക്ക

കോപ്പ അമേരിക്ക ഫുട്ബോളിൽ ഇന്ന് നടന്ന ക്വാർട്ടർ ഫൈനലിൽ ഇക്വഡോറിനെ തോൽപിച്ച് അർജന്റീന സെമിയിൽ. പെനാൽറ്റി ഷൂട്ട് ഔട്ടിൽ 4-2 നാണ് അർജന്റീനയുടെ ജയം. ഷൂട്ട് ഔട്ടിൽ മെസ്സിക്ക് കിക്ക് നഷ്ടമായെങ്കിലും ഗോളി എമി മാർട്ടിനസിന്റെ സേവുകൾ അർജന്റീനക്ക് തുണയായി. നാളെ രാവിലെ നടക്കുന്ന കാനഡ -

വെനിസ്വേല ക്വാർട്ടർ മത്സരത്തിലെ വിജയികളാകും സെമിയിൽ അർജന്റീനയുടെ എതിരാളികൾ.

======================

## വയനാട് (ഇൻട്രോ)

മനുഷ്യ - വന്യജീവി സംഘർഷം മൂലമുള്ള വിളനാശം ലഘൂകരിക്കാൻ വയനാട് ജില്ലയിൽ സൗരോർജവേലി പദ്ധതിയുമായി കൃഷിവകുപ്പ്. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാനവിഹിതവുമാണ്.
വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്......

(വോയിസ്)

RNU TVPM

======================

## തൃശൂർ- പന്നിപ്പനി

തൃശൂർ ജില്ലയിലെ മാടക്കത്തറ പഞ്ചായത്തിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ 310 പന്നികളെ കള്ളിങ്ങിന് വിധേയമാക്കും. പതിനാലാം നമ്പർ വാർഡിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഫാമിലെ പന്നികളിലാണ് രോഗം സ്ഥിരീകരിച്ചത്. ഇന്ന് രാവിലെ മുതൽ ഡോക്ടർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, അറ്റൻഡർമാർ അടങ്ങുന്ന ആർ.ആർ.ടി സംഘം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫാമിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ രോഗബാധിത പ്രദേശമായും 10 കിലോമീറ്റർ ചുറ്റളവ് രോഗനിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചു. രോഗബാധിത പ്രദേശങ്ങളിൽ നിന്നും പന്നിമാംസം വിതരണം ചെയ്യൽ, ഇത്തരം കടകളുടെ പ്രവർത്തനം, പന്നികൾ, പന്നിമാംസം,

തീറ്റ എന്നിവ ജില്ലയിലെ മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ട് പോകൽ തുടങ്ങിയവ നിർത്തി വക്കാൻ നിർദ്ദേശം നൽകി.

=====================

## ചെല്ലാനം

കൊച്ചിയിലെ ചെല്ലാനത്ത് കടലാക്രമണ ഭീഷണി പ്രതിരോധിക്കുന്നതിനുള്ള നടപടികൾ വൈകുന്നതിൽ പ്രതിഷേധിച്ച് തീരദേശവാസികൾ ആഹ്വനം ചെയ്ത ഹർത്താൽതുടരുന്നു. റെട്രോപാഡ് കടൽഭിത്തി , ജിയോ ട്യൂബ്, പുലിമുട്ട് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കണം എന്നാവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. നാട്ടുകാർ റോഡ് ഉപരോധിച്ചു.

=====================

## കോഴിക്കോട് -അപകടം

കോഴിക്കോട് മുതലകുളത്തിൽ റസ്റ്റോറലിലുണ്ടായ തീ പിടുത്തത്തിൽ ഒരാൾക്ക് പരിക്ക്. ഇന്ന് രാവിലെയാണ് അപകടം. ഗ്യാസ് സിലിണ്ടറിൽ നിന്നാണ് തീപടർന്നത്.

RNU TVPM

=====================

## ജലവിതരണം

ഇടവക്കോട് ജലവിതരണ പൈപ്പിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നാളെ രാവിലെ ആറ് മുതൽ ഞായറാഴ്ച്ച രാത്രി 12 മണിവരെ തിരുവനന്തപുരം നഗരത്തിൽ ജലവിതരണം തടസപ്പെടും. പേരൂർക്കട, കുടപ്പനക്കുന്ന്, മണ്ണന്തല, നാലാഞ്ചിറ, മുട്ടട, കേശവദാസപുരം, ശ്രീകാര്യം, മൺവിള , കാര്യവട്ടം തുടങ്ങിയ

സ്ഥലങ്ങളിലാണ് ജലവിതരണം മുടങ്ങുക.

=====================

## എഫ് എം ജി ഇ പരീക്ഷ

ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റ് പരീക്ഷ ചോദ്യപേപ്പറും ഉത്തരങ്ങളും വിൽപ്പനക്കെന്ന സമൂഹ മാധ്യമ പ്രചരണത്തിൽ അന്വേഷണം ഊർജ്ജിതമാക്കി തിരുവനന്തപുരം സിറ്റി പോലീസ്. പരീക്ഷാർത്ഥികൾ ഇത്തരം തട്ടിപ്പുകളിൽ പെടാതിരിക്കാനും പണം കൈമാറാതിരിക്കാനുമുള്ള ജാഗ്രത പുലർത്തണമെന്ന് പോലീസ് അഭ്യർഥിച്ചു. പരീക്ഷാസംവിധാനങ്ങൾ തകിടം മറിക്കാൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും പോലീസ് പറഞ്ഞു.

==========================================

=====================

RNU TVPM